കേരള സർക്കാർ

നമ്പർ. 13270/ആർ.ഡി.2 /2012/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,തീയതി: 03/03/2012

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസിലൂടെ (2012-ലെ 10-ാം നമ്പർ ഓർഡിനൻസ്) കൂട്ടിചേർത്ത 334 ബി (എ) വകുപ്പ് പ്രകാരം സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധ തരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില വിജ്ഞാപന പ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ യാതൊരു സ്ഥാപനമോ ആളോ വിൽക്കുകയോ നൽകുകയോ ചെയ്യാൻ പാടില്ലാത്തതും അപ്രകാരം യാതൊരു സ്ഥാപനമോ, ആളോ ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്തുവാനാവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതുമാണ്.

എല്ലാ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ സ്വീകരിച്ച് 2012 ഏപ്രിൽ 1-ാം തീയതി മുതൽ ആയത് കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**രാജേഷ് കുമാർ സിംഗ്**
**സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ/ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം -69558
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്:വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ